കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് യോഗ പരിശീലനം നല്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന (ബി) വകുപ്പ്

**G.O.(Rt)249/2025/WCDD** **Dated,02/06/2025**

എ.എസ് നമ്പർ : AS/WCD/25/42125 കാലാവധി : 31/03/2026

AS/WCD/25/42125

പരാമർശം:-
1. സ.ഉ(സാധാ) നം. 284/2024/ഡബ്ള്യുസിഡിഡി തീയതി 27.07.2024.
2. വനിത ശിശു വികസന ഡയറക്ടറുടെ 21.03.2025-ലെ DWCD/1960/2025-WEC5 നമ്പർ കത്ത്.
3. 03.04.2025-ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.
4. സ.ഉ.(സാധാ)നം.216/2025/ഡബ്ള്യുസിഡിഡി തീയതി.27/05/2025.

<u>ഉത്തരവ്</u>

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളായ ഗവ. മഹിളാമന്ദിരങ്ങൾ, ഗവ. ആഫ്റ്റർ കെയർ ഹോമുകൾ, ഷോർട്ട് സ്റ്റേ ഹോം, റസ്ക്യൂ ഹോം എന്നിവിടങ്ങളിലെ താമസക്കാരുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തി അവരെ ഊർജ്ജസ്വലരും

കർമ്മനിരതരുമാക്കുന്നതിനായി അവരുടെ ദൈനംദിന ജീവിതത്തിൽ യോഗ ഉൾപ്പെടുത്തുന്നതിനായി യോഗ പരിശീലനം നല്കാവുന്നതാണെന്നും ക്ഷേമസ്ഥാപനങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും കണ്ണൂർ ഗവ. ആഫ്റ്റർ കെയർ ഹോമിലെ ആൺകുട്ടികളുടെയും ജീവിതത്തിൽ ചിട്ടയായ ഒരു ദിനചര്യ കൊണ്ടുവരുന്നതിനായി ആഴ്ചയിൽ 3 ദിവസം താമസക്കാരെ യോഗ പരിശീലിപ്പിക്കുന്നതിനായി ഒരു യോഗ പരിശീലകന്റെ സേവനം ലഭ്യമാക്കുന്നതിന് പ്രതിമാസം 6000/- രൂപ നിരക്കിൽ 12 മാസത്തേക്ക് 17 സ്ഥാപനങ്ങൾക്കായി 12,24,000/- (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) (Rs. 6000 x 12 months x 17 homes) 2025-26 സാമ്പത്തിക വർഷത്തിൽ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം | സ്ഥാപനങ്ങൾ | സ്ഥാപനങ്ങളുടെ എണ്ണം | ഒരു മാസത്തേക്ക് ആവശ്യമായ തുക | 12 മാസത്തേക്ക് ആവശ്യമായ തുക |
|---|---|---|---|---|
| 1 | ഗവ. മഹിളാമന്ദിരങ്ങൾ (ഇടുക്കി, വയനാട്, ജില്ലകൾ ഒഴികെ) | 12 | 72,000 | 8,64,000/- |
| 2 | ആഫ്റ്റർ കെയർ ഹോം (കൊല്ലം, കോഴിക്കോട്, കണ്ണൂർ) | 3 | 18,000 | 2,16,000/- |
| 3 | ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട് | 1 | 6000 | 72,000/- |
| 4 | റസ്ക്യൂ ഹോം, മലപ്പുറം | 1 | 6000 | 72,000/- |
| | ആകെ | 17 | | 12, 24, 000/- |

(2) 03.04.2025-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശിപാർശയ്ക്ക് സമഗ്ര ഭരണാനുമതി നല്കുവാൻ തീരുമാനിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം സമഗ്ര ഭരണാനുമതി നല്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും കണ്ണൂർ ഗവ. ആഫ്റ്റർ കെയർ ഹോമിലെ ആൺകുട്ടികളുടെയും ജീവിതത്തിൽ ചിട്ടയായ ഒരു ദിനചര്യ കൊണ്ടുവരുന്നതിനായി ആഴ്ചയിൽ 3 ദിവസം താമസക്കാരെ യോഗപരിശീലിപ്പിക്കുന്നതിനായി ഒരു യോഗ പരിശീലകന്റെ സേവനം ലഭ്യമാക്കുന്നതിന് പ്രതിമാസം 6000/- രൂപ നിരക്കിൽ 12 മാസത്തേക്ക് 12,24,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം) (Rs. 6000 x 12 months x 17 homes) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ

AS/WCD/25/4125

ഉത്തരവാകുന്നു.

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് യോഗ പരിശീലനം നല്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി | 12,24,000 |
| ആകെ (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ) | | **12,24,000** |

AS/WCD/25/42125

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

Women and Child Development

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.10 03:46:41 +05:30